# സഹായ സഹകരണങ്ങൾ

ഒരു അത്യാവശ്യകാര്യത്തിനായി കൂട്ടുകാരനെ കാത്തിരിക്കുകയായിരുന്നു. അവൻ വന്നെങ്കിലേ എനിക്ക് രക്ഷയുള്ളൂ. പക്ഷേ, അവൻ വന്നപാടേ മറ്റൊരു ജോലിക്ക് പോകാനുള്ള തിടുക്കത്തിലായിരുന്നു.

‘‘ഇനിയും ജോലിയോ, കിട്ടിയതൊന്നും നിനക്ക് മതിയാകുന്നില്ലേ?’’ ഞാൻ തിരക്കി.

‘‘ഇല്ലാ എന്ന് കരുതിക്കോളൂ. എന്താ, വല്ലതും തരാനുദ്ദേശിക്കുന്നുണ്ടോ?’’ അവൻ പുറത്തേക്കിറങ്ങി. പിന്നെ വന്നത് രാത്രി ഏറെ വൈകീട്ട്. പിന്നീടാണ് ഒരു സത്യം പുറത്തു വന്നത്. വൈകുന്നേരം അഞ്ച് മണി മുതൽ രാത്രി പത്ത് മണി വരെയുള്ള ആ അദ്ധ്വാനം കൊണ്ടാണ് അവന്റെ അടുത്ത വീട്ടുകാർ ജീവിക്കുന്നത്. അനാഥകളും ഏറെ ദരിദ്രരുമായിരുന്നു അവർ. അവരുടെ ഒരു കാര്യത്തിലും ഒരു മുടക്കവും അവൻ വരുത്തിയിട്ടില്ല.

*****

അയാളുടെ മകൾക്ക് നല്ല ഒരന്വേഷണം വന്നു. അത് നടത്താൻ അയാൾക്കു മുമ്പിൽ ഒരു പ്രയാസവുമുണ്ടായിരുന്നില്ല. പക്ഷേ, അയാൾ തന്റെ ബന്ധുവിന്റെ മകളുടെ വിവാഹത്തിനാണ് ഏറെ പ്രാധാന്യം നൽകിയതും പരിശ്രമിച്ചതും. വരന്റെ ആളുകൾ മുന്നോട്ടുവെച്ച ഉപാധികളെല്ലാം അയാൾ സ്വീകരിച്ചു. വിവാഹത്തിന്റെ എല്ലാ ചെലവുകളും അയാൾ തന്നെയാണ് വഹിച്ചത്. അനാഥയും ദരിദ്രയുമായ ആ കുട്ടി ദാമ്പത്യജീവിതത്തിലേക്ക് പ്രവേശിച്ചതിനു ശേഷമാണയാൾ സ്വന്തം മകളുടെ കാര്യം നോക്കിയത്.

മനുഷ്യർ തമ്മിലുള്ള സഹകരണത്തിന്റെ ഇത്തരം സുന്ദരചിത്രങ്ങളെ കാലത്തിന് മായ്ക്കാനാകില്ല.

അടുത്ത കാലത്ത് ഒരു ഗ്രാമം സന്ദർശിക്കാനിടയായി. ആദ്യ സന്ദർശനം കഴിഞ്ഞ് ഏകദേശം 20 കൊല്ലങ്ങൾക്കു ശേഷമാണ് ഈ സന്ദർശനം. അന്നത്തേതിൽ നിന്ന് ഒട്ടും മാറ്റം വരാത്ത ആ ഗ്രാമം എന്നിൽ കൗതുകമുണ്ടാക്കി. അന്നാട്ടുകാരനായ കൂട്ടുകാരനോട് കാര്യം തിരക്കിയപ്പോഴാണ് അതിനു പിന്നിലെ മനശ്ശാസ്ത്രം പുറത്തു വന്നത്. അവൻ പറഞ്ഞതിങ്ങനെ: ഈ നാട്ടുകരിലാർക്കും ഒരാൾ നന്നാകുന്നത് മറ്റൊരാൾക്ക് കണ്ടുകൂടാ. ആരെങ്കിലും വല്ലതും തുടങ്ങിയാൽ അത് നശിപ്പിക്കാനാണ് നോക്കുക. പൊതു നന്മയോട് സഹകരിക്കാൻ ആർക്കുമില്ല മനസ്സ്. ആരെയും സഹായിക്കുകയുമില്ല. അവൻ നന്നായെങ്കിലോ. നാട്ടിലേക്ക് വരുന്ന കല്യാണം പോലും മുടക്കുന്ന വിരുതന്മാരുണ്ടിവിടെ. പിന്നെ എങ്ങനെയാണ് എന്റെ ഗ്രാമത്തിൽ പുരോഗതിയുണ്ടാകുക?

മനുഷ്യരുടെ പരസ്പര സഹകരണത്തിലാണ് അവർക്ക് സ്വസ്ഥമായ ജീവിതമുള്ളത്. മനുഷ്യനെന്നല്ല, പ്രപഞ്ചത്തിന്റെ സ്ഥിതി മൊത്തത്തിൽ അതാണ്. നിസ്സഹകരണമല്ല, സഹകരണമാണ് ജീവിതത്തിന്റെ പാരസ്പര്യത്തിന് ദൈവം നിശ്ചയിച്ച രീതിശാസ്ത്രം.

ഇവ്വിഷയകമായി മുൻപും ഇതേ പംക്തിയിൽ നാം സംസാരിച്ചിരുന്നു. മറ്റുള്ളവന്റെ ആവശ്യങ്ങൾ തന്റെ ആവശ്യങ്ങളെപ്പോലെ പ്രധാനമാണെന്ന് തിരിച്ചറിയാനുള്ള ആത്മീയവും മാനുഷികവുമായ കഴിവ് ഇല്ലാതാകുന്ന കാലമാണിത്. സ്വാർഥം ജീവിതശൈലിയായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് മറ്റുള്ളവരെ സഹായിക്കുന്നത് അബദ്ധമായി ഒരുവേള വിലയിരുത്തിയേക്കാം. പക്ഷേ, പരസ്പരം സഹായിക്കാത്ത സാമൂഹിക ചുറ്റുപാട് ഏറെ മൃഗീയമായിരിക്കും. പരസ്പരം സഹായിക്കാതിരിക്കുന്നതുപോകട്ടെ ചെറിയ ഉപകാരങ്ങൾ വിലക്കുന്നതുപോലും തന്നെ കളവാക്കുന്നതിനോളം പോന്ന പാതകമായാണ് ദൈവം വിലയിരുത്തിയത്.

പരസ്പരം സഹായ സഹകരണങ്ങളില്ലാത്ത വ്യക്തികളും സമൂഹവും നശിച്ചതിനു തുല്യമാണ്. അവർക്കിടയിൽ സ്നേഹം അൽപം പോലും അവശേഷിക്കുകയില്ല. പിന്നെ എങ്ങനെയാണ് അവർക്കിടയിൽ ഐക്യവും ഒരുമയും ഉണ്ടാകുക? അത്തരം ഒരു സമൂഹം എങ്ങനെയാണ് വളരുക?

തനിക്കുള്ളതെല്ലാം കെട്ടിപ്പൂട്ടി വെക്കുന്നതിലല്ല, പരസ്പരം സഹായിക്കുന്നതിലാണ് ജീവിതം. അതിലൂടെയാണ് വിഭവ വർധനവുണ്ടാകുക.

സമൂഹത്തിൽ സാമ്പത്തിക അസന്തുലിതം നിലനിൽക്കുന്നതിനു പിന്നിലെ ദൈവിക പരീക്ഷണം ഉള്ളവർ ഇല്ലാത്തവർക്ക് നൽകുന്നുണ്ടോ എന്നതാണ്. ഒരു മുറി തുണിയോ കയറിക്കിടക്കുവാൻ ഒരിടമോ മരുന്ന് വാങ്ങാൻ ചില്ലിക്കാശോ ഇല്ലാതെ ഭൂരിപക്ഷവും കഷ്ടപ്പെടുകയും ഉള്ളവർക്ക് സൗകര്യങ്ങൾ വർധിക്കുകയും ചെയ്യുന്ന ഇക്കാലത്ത് പരസ്പര സഹായസഹകരണത്തിന്റെ പ്രസക്തി ഏറെ വലുതാണ്.